# KOLLAM DISTRICT BASEBALL ASSOCIATION
Affiliated to Kerala Sports Council & Kerala Baseball Association
Noufal Manzil Padinjattom kizhakku Sooranad P O Kollam 690522
Email Id - kollambaseball@gmail.com, PH - 9544667505

VM PREMNAVAS
9544667505
President

NOUFIN B
9544667505
Secretary

KLMBB-13/2023

1-11--2023

## 8 മത് കൊല്ലം ജില്ലാ സീനിയർ ബേസ്ബാൾ ചാമ്പ്യൻഷിപ്പ് 2023 -2024

8 മത് കൊല്ലം ജില്ലാ സീനിയർ ബേസ്ബാൾ ചാമ്പ്യൻഷിപ്പ് പോരുവഴി പഞ്ചായത്ത് ഗ്രൗണ്ട് ചക്കുവള്ളിയിൽ വെച്ച് 2023 ഒക്ടോബർ 31 ന് രാവിലെ 8 മണിക്ക് ആരഭിച്ചു, ജില്ലാ അസ്സോസിയേഷൻ സെക്രട്ടറി ഉത്ഘടനം നിർവഹിക്കുകയും തുടർന്ന് ജില്ലാ സ്പോർട്സ് കൗൺസിൽ അംഗം ശ്രീ സാബുജാൻ, ശ്രീ അനൂപ്, ശ്രീ ഷിബു ബേബി എന്നിവർ സംസാരിച്ചു, നന്ദി മുഹമ്മദ് റാഫി രേഖപെടുത്തി.

മത്സരത്തിൽ പങ്കെടുക്കേണ്ട എല്ലാ ടീമുകളും കൃത്യത പാലിച്ചത് കൊണ്ട് മത്സരം കൃത്യ സമയത്ത് ആരംഭിക്കുവാൻ സാധിച്ചു, പ്രതികൂല സാഹചര്യം ആയിരുന്നാലും എല്ലാ മത്സരങ്ങളും ഏഥാസമയത്തു നടത്തി തീർക്കുവാൻ സാധിച്ചു.ആൺകുട്ടികളുടെ വിഭാഗത്തിൽ 8 ടീമുകളും പെൺകുട്ടികളുടെ വിഭാഗത്തിൽ 3 ടീമുകളുമാണ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ജില്ലാ മത്സരത്തിൽ പങ്കെടുത്തത്, 120ൽ പരം കുട്ടികൾ മത്സരത്തിൽ പങ്കെടുക്കാൻ എത്തിയത് പോരുവഴി പഞ്ചായത്ത് ഗ്രൗണ്ടിനെ ആകെ പൂരപ്പറമ്പാക്കി മാറ്റിയിരുന്നു.

പുരുഷ വിഭാഗത്തിൽ റെഡ്മറിഡിയൻ ക്ലബ് എൻ എസ് എസ് കോളേജ് നിലമേൽ നെ പരാജയപ്പെടുത്തികൊണ്ട് രണ്ടാം

തവണയും കിരീടം സ്വന്തമാക്കിയപ്പോൾ എൻ എസ് എസ് കോളേജ് നിലമേൽ ന് രണ്ടാം സ്ഥാനം കൊണ്ട് തൃപ്തരാക്കേണ്ടി വന്നു, മൂന്നാം സ്ഥാനം എസ് എൻ ക്ലബ് സ്വന്തമാക്കി

വനിതാ വിഭാഗത്തിൽ black&വൈറ്റ് കുണ്ടറ ഹാക്കേഴ്സ് കൊല്ലത്തെ പരാജയപ്പെടുത്തികൊണ്ട് തുടർച്ചയായി രണ്ടാം തവണയും ഒന്നാം സ്ഥാനം സ്വന്തമാക്കിയപ്പോൾ ഹാക്കേഴ്സ് കൊല്ലം രണ്ടാം സ്ഥാനം കരസ്തമാക്കി , മൂന്നാം സ്ഥാനം റെഡ്മെറിഡിയൻ ക്ലബ് സ്വന്തമാക്കി.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മഴ തകർത്ത് പെയിതപ്പോൾ പോരുവഴി പഞ്ചായത്ത് ഗ്രൗണ്ടിൽ മാത്രം മഴ ഒരു കുളിരായി ഇടയ്ക്കു ഇടക്ക് വന്ന് പോവുകയാണ് ഉണ്ടായത്, എന്നിരുന്നാലും മത്സരത്തിന് വലിയ തടസങ്ങൾ ഒന്നും തന്നെ ഇല്ലാതെ നടത്തി തീർക്കാൻ സാധിച്ചു.

സമാപന സമ്മേളനത്തിൽ വിജയികളായ ടീമുകൾക്ക് ജില്ലാ അസ്സോസിയേഷൻ പ്രസിഡന്റ് ശ്രീ വി എം പ്രേം നവാസ് ട്രോഫികൾ കൈമാറുകയും ജില്ലാ സെക്രട്ടറി ശ്രീ നൗഫിൻ ബി, സ്പോർട്സ് കൗൺസിൽ അംഗം ശ്രീ സാബുജാൻ, ശ്രീ അനൂപ്, ശ്രീ ഷിബു ബേബി, തുടങ്ങിയവർ സംസാരിച്ചു നന്ദി മുഹമ്മദ് റാഫി രേഖപെടുത്തി.

<u>പുരുഷ വിഭാഗത്തിൽ മത്സരത്തിൽ പങ്കെടുത്ത ടീംമുകൾ, വിജയികളും യഥാക്രമത്തിൽ</u>

1- റെഡ് മെറിഡിയൻ ക്ലബ്
2- എൻ എസ് എസ് കോളേജ് നിലമേൽ
3- എസ് എൻ ക്ലബ് കൊല്ലം
4- എഫ് എം എൻ ക്ലബ് കൊല്ലം

5- യുണൈറ്റഡ് യാങ്കീസ് ക്ലബ് കൊല്ലം
6- ബോയ്സ് കരുനാഗപ്പള്ളി
7- നവോദയം നീരാവിൽ
8- നിലമേൽ ബോയ്സ് 9 സ്റ്റാർസ്

<u>വനിതാ വിഭാഗത്തിൽ മത്സരത്തിൽ പങ്കെടുത്ത ടീമുകൾ, വിജയികൾ യഥാക്രമത്തിൽ</u>

1- ബ്ലാക്ക് & വൈറ്റ് കുണ്ടറ
2- ഹാക്കേഴ്സ് സ്പോർട്സ് ക്ലബ്
3- റെഡ്മറിഡിയൻ ക്ലബ്

നൗഫിൻ ബി
സെക്രട്ടറി
കൊല്ലം ജില്ലാ ബേസ്ബാൾ അസോസിയേഷൻ